എല്ലാവർക്കും തുല്യ നീതിയും, തുല്യ അവസരവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ജില്ലാ പോലീസ് ജില്ലയില് ആരംഭിച്ച മാതൃക പോലീസ് സ്റ്റേഷന് പദ്ധതിയുടെ ഉദ്ഘാടനവും ഉൾകരുത്തും നിയമബോധനവുമുള്ള പുതു തലമുറയുടെ സൃഷ്ടിക്കായുള്ള പുതു സംഭരമ്പമായ കിഡ് സെയ്ഫ് പദ്ധതി എന്നിവ ബഹു.സംസ്ഥാന പോലീസ് മേധാവി **ശ്രീ. ലോക്നാഥ് ബഹ്റ IPS** അവറുകൾ ഉദ്ഘാടനം ചെയ്തു. 01.07.2018 തീയതി ഞായറാഴ്ച രാവിലെ 10 മണിയ്ക്ക് **പുന്നപ്ര പോലീസ് സ്റ്റേഷനെ മോഡൽ പോലീസ് സ്റ്റേഷനായി** പ്രഖ്യാപിക്കുകയും 11 മണിയ്ക്ക് പുന്നപ്ര അമ്പേദ്കര് മെമ്മോറിയൽ മോഡല് റസിഡൻഷ്യല് സ്കൂളില് വെച്ച് **"Kid Safe"** പദ്ധതിയും ഉദ്ഘാടനം ചെയ്തു. കരുതലോടെ, അതിലേറെ ജാഗ്രതയോടെ ആധുനികവും സമാധാനവുമുള്ള സമൂഹമായി മാറ്റുന്നതിന് സൃഷ്ടിപരമായ ആശയങ്ങൾ നടപ്പാക്കി വനിതാ – ശിശു സൌഹൃദകേന്ദ്രങ്ങളാക്കി പോലീസ് സ്റ്റേഷനുകളെമാറ്റുന്ന പുരോഗമന നടപടികള് സ്വീകരിച്ച് നവ കേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിലേയ്ക്കാണ് ജില്ലാ പോലീസ് ടി പദ്ധതികള് ആവിഷ്കരിച്ചിട്ടുള്ളത്. സ്ത്രീ സംരക്ഷണത്തിനായുള്ള വനിതാ ഹെൽപ് ഡെസ്ക്, പ്രായമായ വർക്കായി സീനിയര് സിറ്റിസണ് ഹെൽപ് ഡെസ്ക്, കുട്ടികളെ പോലീസ് സൌഹൃദമാക്കുന്നതിനായി ചൈൽഡ് ഫ്രണ്ട്ലി പോലീസ് സംവിധാനം, മദ്യം മയക്കുമരുന്ന് പ്രശ്നങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ, കുടുംബ പ്രശ്നങ്ങൾ, കൌമാരക്കാരുടെ പ്രശ്നങ്ങൾ തുടങ്ങി സമൂഹത്തിലെ നാനാതുറകളിലുള്ളവരുടെ വിവിധ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന കൌൺസിലിംഗ് സെന്ററുകൾ, വിഗലാംഗർക്ക് സ്റ്റേഷന് സഹായത്തിന് ഉപയോഗിക്കുന്നതിനായി പ്രത്യേക റാമ്പ്, പോലീസ് സേവനങ്ങൾ വേഗത്തിലും സുഗമമായി ലഭിക്കുന്നതിന് പബ്ലിക് റിലേഷന് ഓഫീസറുടെ സേവനം തുടങ്ങി ജന ജീവിതത്തിന് ആവശ്യമായ എല്ലാ സൌകര്യങ്ങളും ഒരു കുരയ്ക്ക് കീഴില് ലഭ്യമാക്കുക എന്ന ആശയമാണ് മാതൃക പോലീസ് സ്റ്റേഷന് സ്ഥാപിക്കുന്നതിലൂടെ നടപ്പാകുന്നത്.

സ്കൂളിലെ ഹാജർ ബുക്കിന്റെ അടിസ്ഥാനത്തില് മുൻകൂട്ടി അനുമതി വാങ്ങാതെ ക്ലാസില് ഹാജരാകാതിരിക്കുന്ന കുട്ടികളെ കുറിച്ചുള്ള വിവരം അപ്പോൾ തന്നെ സ്ഥലത്തെ പോലീസ് സ്റ്റേഷനില് എത്തുകയും, തുടർന്ന് രക്ഷകർത്താവിനോട് അന്വേഷിച്ച് തുടര് നടപടി സ്വീകരിക്കുക എന്നതാണ് **"Kid Safe"**പദ്ധതിയുടെ മുഖ്യ ലക്ഷ്യം. കൂടാതെ സൈബർ ക്രൈം ബോധവത്കരണം, വ്യക്തി വികസന ബോധവത്കരണം, ജീവിത ലക്ഷ്യം നേടുന്നതിനുള്ള ശരിയായ ദിശ പങ്കുവെയ്ക്കൽ, സ്കൂളുകളിലും പരിസരങ്ങലിലുമുള്ള മയക്കുമരുന്ന് വിതരണ സാധ്യതകൾ തടയുന്നതിനുള്ള പരിശീലനങ്ങള് നല്കുകയും, അതുവഴി കുട്ടികളുടെ സുരക്ഷ അടിയന്തിരമായി ഉറപ്പ് വരുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ മറ്റ് ഉദ്ദേശങ്ങൾ. ആരോഗ്യവും, നീതിബോധവും വിദ്യാഭ്യാസവുമുള്ള ഒരു കരുത്തുറ്റ തലമുറയെ വാർത്ത് എടുക്കുക എന്നതാണ് **"Kid Safe"**.ക്രമസമാധാനപാലനത്തിനോടൊപ്പം ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്ന ജനമൈത്രി പോലീസിന്റെ വ്യത്യസ്ഥ മുഖമായി മാറുകയാണ് ജില്ലാ പോലീസ്.